"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഇന്റർസ്റ്റേറ്റ് പബ്ലിക് റിലേഷൻസ് പരിപാടിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ സവിശേഷമായ നേട്ടങ്ങൾ, വികസനക്ഷേമപ്രവർത്തനങ്ങളിലെ മാതൃകകൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള തിയറ്റർ പരസ്യം കർണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഡൽഹി എന്നിവടങ്ങളിൽ പ്രദർശിപ്പിക്കുന്നതിനായി തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.76/2024/I&PRD തീയതി,തിരുവനന്തപുരം, 02-08-2024

---

പരാമർശം:-

1. ഫീൽഡ് പബ്ലിസിറ്റി വിഭാഗം ഇൻഫർമേഷൻ ഓഫീസറുടെ 25.06.2024 ലെ പ്രൊപ്പോസൽ
2. 08.07.2024 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ ശിപാർശ

**<u>ഉത്തരവ്</u>**

നടപ്പുസാമ്പത്തിക വർഷം (2024-25) 2220-60-106-97 അന്തർസംസ്ഥാന പബ്ലിക് റിലേഷൻസ് പ്ലാൻ ശീർഷകത്തിൽ 22,00,000/-രൂപ (ഇരുപത്തി രണ്ട് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും തുക വിനിയോഗിച്ച് സംസ്ഥാനത്തിന്റെ സവിശേഷമായ നേട്ടങ്ങൾ, വികസനക്ഷേമപ്രവർത്തനങ്ങളിലെ മാതൃകകൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള തിയറ്റർ പരസ്യം കർണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഡൽഹി എന്നിവടങ്ങളിൽ പ്രദർശിപ്പിക്കുന്നതിനായി പരാമർശം (1) പ്രകാരം ഫീൽഡ് പബ്ലിസിറ്റി വിഭാഗം ഇൻഫർമേഷൻ ഓഫീസർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പരാമർശം (2) പ്രകാരം ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിക്കുകയും ആയതിന് അംഗീകാരം നൽകുന്നതിന് ശിപാർശ സമർപ്പിച്ചിട്ടുമുണ്ട്.

2) സർക്കാർ വർക്കിംഗ് ഗ്രൂപ്പിന്റെ ശിപാർശ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തിക വർഷം ഇന്റർസ്റ്റേറ്റ് പബ്ലിക് റിലേഷൻസ് പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തിന്റെ സവിശേഷമായ നേട്ടങ്ങൾ , വികസനക്ഷേമപ്രവർത്തനങ്ങളിലെ മാതൃകകൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒന്നര മിനിട്ട് (90 സെക്കന്റ് ) വീഡിയോ, ഇന്ത്യൻ സംസ്ഥാനങ്ങളിൽ, പ്രത്യേകിച്ച് മലയാളികൾ കൂടുതലായുള്ള കർണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഡൽഹി എന്നിവടങ്ങളിലെ നഗര പരിധിയിലുള്ള തിയറ്ററുകൾ - മൊത്തം 100 തിയറ്ററുകളിൽ പ്രദർശിപ്പിക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം (2024-25) 2220-60-106-97 അന്തർസംസ്ഥാന പബ്ലിക് റിലേഷൻസ് പ്ലാനിൽ നിന്നും തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിനായി വകുപ്പിന്റെ എംപാനൽഡ് ഏജൻസികളും, സാറ്റലൈറ്റ് ലിങ്ക് മുഖാന്തിരം തിയറ്ററുകളിൽ സിനിമാപ്രദർശനം നടത്തുന്നതുമായ ക്യൂബ്, യു എഫ് ഒ എന്നീ ഏജൻസികൾ വഴി പദ്ധതി നടപ്പിലാക്കാവുന്നതാണ്. 90 സെക്കന്റ് വീഡിയോ പ്രദർശിപ്പിക്കുന്നതിന് 10 സെക്കന്റിന് ഒരു തവണ 18/- രൂപ, ഇപ്രകാരം 90 സെക്കന്റിന് 162/- രൂപയും എന്ന നിരക്കിൽ തുക വിനിയോഗിക്കാവുന്നതാണ്. പരമാവധി 28 ദിവസം പരസ്യം നൽകുന്നതിനായി നികുതി

ഉൾപ്പെടെ 18,19,843/- രൂപ (പതിനെട്ട് ലക്ഷത്തി പത്തൊമ്പതിനായിരത്തി എണ്ണൂറ്റി നാൽപത്തി മൂന്ന് രൂപ മാത്രം ) നടപ്പുസാമ്പത്തിക വർഷം (2024-25) 2220-60-106-97 അന്തർസംസ്ഥാന പബ്ലിക് റിലേഷൻസ് പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്യാം വി

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

ഡെപ്യൂട്ടി ഡയറക്ടർ, ഫീൽഡ് പബ്ലിസിറ്റി വിഭാഗം

ഡെപ്യൂട്ടി ഡയറക്ടർ, വിഷ്വൽ കമ്മ്യൂണിക്കേഷൻസ് വിഭാഗം

ഡെപ്യൂട്ടി ഡയറക്ടർ (പരസ്യം )

ഇൻഫർമേഷൻ ഓഫീസർ ഫീൽഡ് പബ്ലിസിറ്റി/വെബ് & ന്യൂ മീഡിയ/ പ്ലാനിംഗ്

ഐ & പി ആർ (ബി)/(എ)/ഇ / ഡി വകുപ്പ്

ധനകാര്യവകുപ്പ്/ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് / എ & ഇ ) കേരള, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ,തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sonia James

Date: 02-08-2024 16:05:32

സെക്ഷൻ ഓഫീസർ